(ബി) ഇതിന്റെ ഡാറ്റ മുഴുവനും കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്) -ന്റെ സ്വന്തം സർവ്വറിലാണ്.

(സി) ടെൻഡർ നടപടിക്ക് ഇ-ടെൻഡർ നടത്തുന്ന കമ്പനിക്ക് (കർണ്ണാടക സർക്കാരിന്റെ എന്റർപ്രൈസ് ആയ Karnataka State Electronics Development Corporation Ltd (കിയോണിക്സ്)) നൽകിയ റേറ്റിന്റെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.* കമ്പനിയുമായിട്ടുള്ള എഗ്രിമെന്റിന്റെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

160 (2715) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് വർഷങ്ങൾക്കുമുമ്പ് ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണപ്രവർത്തനം അടിയന്തരമായി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് 4-11-2013-ൽ 16.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആദ്യം ടെൻഡർ വിളിച്ചപ്പോൾ ആരും കാട്ട് ചെയ്യാതിരുന്നതിനാൽ 5-6-2014-ൽ വീണ്ടും ടെൻഡർ വിളിക്കുകയുണ്ടായി. ലഭിച്ച ടെൻഡർ ബോർഡിന്റെ പരിഗണനയ്ക്കും തീരുമാനത്തിനും വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

ഇടമലയാർ ഇറിഗേഷൻ പദ്ധതി

161 (2716) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാനുകൾ ഏതു മാസത്തിലാണ് സമർപ്പിക്കേണ്ടത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ 10 വർഷക്കാലമായി ഏതു മാസത്തിലാണ് സമർപ്പിക്ക പ്പെട്ടിട്ടുള്ളത് ;

(സി) ഇതിന് ഏതുമാസത്തിലാണ് അംഗീകാരം നൽകപ്പെട്ടിട്ടുള്ളത് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിലും അംഗീകാരം നൽകുന്നതിലും സംഭവിച്ചുകൊണ്ടിരിക്കുന്ന കാലതാമസം മൂലം ടെൻഡർ നടപടികളും പ്രവൃത്തികളും വൈകുന്നതും തുകകൾ ലാപ്സാകുന്നതും ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിലെ പെരുംതോട് ഭാഗത്തെ പ്രവൃത്തിക്ക് എന്നാണ് തുക അനുവദിച്ച തെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ജി) ഈ പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി എന്നാണെന്നും വിശദമാക്കാമോ ; പ്രസ്തുത കരാറുകാർക്ക് പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും നിലവിലെ പ്രവർത്തന കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ ; നിശ്ചിത സമയത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്ക് ടെർമിനേഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആക്ഷൻ പ്ലാനുകൾ സമർപ്പിക്കുന്നതിന് പ്രത്യേകിച്ച് സമയപരിധി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വർഷം	തീയതി
2004-05	27-7-2004
2005-06	28-12-2004
2006-07	26-10-2006
2007-08	19-5-2007
2008-09	2-2-2009
2009-10	31-7-2009
2010-11	28-7-2010
2011-12	13-9-2011
2012-13	15-10-2012
2013-14	17-12-2013
2014-15	25-9-2014

(സി) ആക്ഷൻ പ്ലാനുകൾക്ക് അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ

വർഷം	അനുമതി ലഭിച്ച തീയതി	ഇക ലക്ഷത്തിൽ
(1)	(2)	(3)
2005-06	9-2-2005	840.00
2006-07	14-11-2006	1648.00

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2007-08	29-1-2008	663.30
2008-09	30-3-2009	402.00
2009-10	8-9-2009	388.70
2010-11	29-9-2010	358.70
2011-12	11-4-2011	547.00
2012-13	12-12-2012	1398.80
2013-14	6-1-2014	1200.00
2014-15	1-11-2014	1200.05

(ഡി&ഇ) ഓരോ വർഷവും വരുന്ന രണ്ട് വർഷങ്ങളിലേക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയുള്ള ആക്ഷൻ പ്ലാൻ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി അംഗീകരിച്ചു നൽകാറുണ്ട്.

(എഫ്) 2003-04-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഈ വർക്കിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 30-4-2014-ൽ 416 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ജി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ശ്രീ. കെ. സി. മത്തായി (കറ്റാലിൽ കുന്നക്കൽ, മൂവാറ്റുപുഴ) എന്ന കരാറുകാരനാണ്. എഗ്രിമെന്റ് നമ്പർ I/ എസ്.ഇ.പി.സി., പിറവം/2005-2006 തീയതി 8-6-2005

പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി-24 മാസം (14-6-2007) പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നൽകിയത്-3 തവണ 31-1-2009 വരെ പൂർത്തിയാക്കിയ ദിവസം-9-1-2009.

LIBRARY ARCHIVES Kerala Legislative Assembly